ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 1/21005/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി : 09.10.2024
ഫോൺ: 0471- 2580 534; supdts.dge@kerala.gov.in

# പരിപത്രം

വിഷയം: പൊതുവിദ്യാഭ്യാസം - സ്പോർട്സ് - സംസ്ഥാനതല ഹോക്കി മത്സരങ്ങൾ - തീയതിയും സമയക്രമവും പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന: ഈ കാര്യാലയത്തിലെ 11.09.2024 തീയതിയിലെ സ്പോർട്സ് 2/13769/2024/ഡി.ജി.ഇ നമ്പർ കത്ത്

*******************************

സൂചന പ്രകാരം ഹോക്കി അണ്ടർ 14, 17, 19 (ആൺ/പെൺ) മത്സരങ്ങൾ എറണാകുളം ജില്ലയിൽ നവംബർ 4 മുതൽ നവംബർ 11 വരെ നടത്തുന്നതായി അറിയിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഹോക്കി അണ്ടർ 14, 17, 19 (ആൺ/പെൺ) മത്സരങ്ങൾ 2024 ഒക്ടോബർ 20 മുതൽ ഒക്ടോബർ 24 വരെ കൊല്ലത്ത് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതിൻപ്രകാരം ഉപജില്ല / ജില്ലാതല മത്സരങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി സംസ്ഥാനതല മത്സരങ്ങൾക്കായി ടീമുകളെ സജ്ജരാക്കേണ്ടതാണ്.

ജില്ലയിൽ നിന്ന് സംസ്ഥാനതല മത്സരത്തിനായി തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾ **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്റ്റർ ചെയ്ത് എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്റെ പ്രിന്റൗട്ട് എടുത്തു വേണം സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്. ഓൺലൈൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ മേൽപറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്. സംസ്ഥാനതല മത്സരങ്ങളുടെ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

DIRECTORATE OF GENERAL EDUCATION * Jagathy, Trivandrum *

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്)
2. എല്ലാ ആർ.ഡി.ഡിമാർക്കും, ഹയർസെക്കണ്ടറി വിഭാഗം
3. എല്ലാ എ.ഡിമാർക്കും, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
6. എല്ലാ ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
7. എല്ലാ ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)